**ആയിരം യുവ കലാകാരൻമാരർക്കുള്ള വജ്ര ജൂബിലി ഫെലോഷിപ്പ് പദ്ധതി**

**ഫീൽഡ് സ്റ്റഡി കാലാവധി ദീർഘിപ്പിച്ചുകൊണ്ടും പഠന പ്രദേശം വ്യക്തമാക്കികൊണ്ടുമുള്ള അറിയിപ്പ്**

പ്രിയ ഫെലോഷിപ്പ് കലാകാരൻ,

കേരള സർക്കാർ സാംസ്കാരിക വകുപ്പ് നടപ്പിലാക്കുന്ന ''ആയിരം യുവ കലാകാരൻമാർക്കുള്ള വജ്ര ജൂബിലി ഫെലോഷിപ്പ് പദ്ധതി''യിൻ കീഴിൽ ഫെലോഷിപ്പ് കലാകാരൻമാരായി തെരെഞ്ഞെടുക്കപ്പെട്ട് നിയമിതനായതിൽ താങ്കളെ അഭിനന്ദിക്കുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സാംസ്കാരിക കേന്ദ്രങ്ങൾ, വായനാശാലകൾ, വിദ്യാലയങ്ങൾ തുടങ്ങിയവ അടങ്ങുന്ന ക്ലസ്റ്ററുകളിൽ വിന്യസിക്കപ്പെടുന്നതിന് മുമ്പ് താങ്കൾ ഒരു പരിശീലന ബോധവൽക്കരണ ക്ലാസ്സിൽ പങ്കെടുക്കേണ്ടതാണ്. പ്രസ്തുത പരിശീലന ക്ലാസ്സിന് മുന്നോടിയായി ഒരു ഫീൽഡ് സ്റ്റഡി നടത്തുവാൻ ഫെലോഷിപ്പ് കലാകാരനായി/കലാകാരിയായി നിയമനം നൽകുമ്പോൾ താങ്കൾക്ക് നിർദ്ദേശം നൽകിയിരുന്നു.

തെരെഞ്ഞെടുക്കപ്പെട്ട ഫെലോഷിപ്പ് കലാകാരന്മാർ പൂർണ്ണമായി പദ്ധതിയിൻ ചേരുവാൻ രണ്ടാഴ്ചയിലധികം സമയമെടുക്കുകയും ആദ്യം ചേർന്നവർക്ക് ഫീൽഡ് സ്റ്റഡി പൂർത്തിയാക്കാൻ സമയം ഒരു മാസം കൂടി ദീർഘിപ്പിച്ച് നൽകണമെന്ന് ആവശ്യം ഉയരുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ നിയോഗിക്കപ്പെട്ട ഓരോ പ്രദേശത്തിന്റേയും കലാ സാംസ്കാരിക ചരിത്രം, ദേശപ്പെരുമകൾ, മിത്തുകളും പുരാവൃത്തങ്ങളും തുടങ്ങിയ സവിശേഷതകൾ സംബന്ധിക്കുന്ന വിവരം ശേഖരിക്കുന്ന ഫീൽഡ് സ്റ്റഡി പൂർത്തിയാക്കാൻ 2018 ഏപ്രിൽ 21 വരെ സമയം ദീർഘിപ്പിച്ച് നൽകുന്നു.

ഫെലോഷിപ്പ് കലാകാരൻമാർ തങ്ങൾ നിയോഗിക്കപ്പെട്ട ബ്ലോക്ക് പഞ്ചായത്ത്/ മുനിസിപ്പാലിറ്റി പ്രദേശത്തിനെ സംബന്ധിക്കുന്ന ഫീൽഡ് സ്റ്റഡി നടത്തേണ്ടതാണ്. ഒന്നിലധികം കലാകാരൻമാർ ഒരു ബ്ലോക്ക് പ്രദേശത്തു നിന്നും തെരെഞ്ഞെടുക്കപ്പെട്ടിട്ടുണ്ടെങ്കിൽ മറ്റൊരു ബ്ലോക്ക് പഞ്ചായത്ത് / മുനിസിപ്പാലിറ്റിയിൽ ഫീൽഡ് സ്റ്റഡി നടത്തേണ്ടതാണ്. ഓരോ ഫെലോഷിപ്പ് കലാകാരനും നിയോഗിക്കപ്പെട്ടിട്ടുള്ള പ്രദേശത്തിന്റെ പേരു വിവരം ഇതിനോടൊപ്പം ചേർത്തിരിക്കുന്നത് കാണുക.

ഫെലോഷിപ്പ് കലാകാരൻമാർ ഫീൽഡ് സ്റ്റഡി പൂർത്തിയാക്കി റിപ്പോർട്ട് 2018 ഏപ്രിൽ 21 നോ അതിന് മുമ്പോ ബന്ധപ്പെട്ട ജില്ലാ കോ - ഓർഡിനേറ്റർക്ക് അല്ലെങ്കിൽ ഡയറക്ടറേറ്റിൽ ഇതിനായി നിയോഗിക്കപ്പെട്ടിട്ടുള്ള ഓഫീസർക്ക് ലഭ്യമാക്കേണ്ടതാണ്.

ഫീൽഡ് സ്റ്റഡീ റിപ്പോർട്ട് സമർപ്പിച്ചാലുടൻ ഫെലോഷിപ്പ് കലാകാരൻമാരെ പരിശീലനത്തിനായി നിയോഗിക്കുന്നതാണ്. ഇതിനുള്ള അറിയിപ്പ് പിന്നീട് നൽകുന്നതാണ്. പരിശീലനം സംബന്ധിച്ച് കൂടുതൽ വിവരം അറിയേണ്ടവർ ജില്ലാ കോ-ഓർഡിനേറ്റർമാരുമായി ബന്ധപ്പെടാവുന്നതും ഇതിനായി ഡയറക്ടറേറ്റുമായി ബന്ധപ്പെടേണ്ടതില്ലെന്നും അറിയിക്കുന്നു.

തിരുവനന്തപുരം
06/04/2018

ഡയറക്ടർ